**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4360** **06-03-2023 - ൽ മറുപടിയ്ക്ക്**

**കുന്നത്തറ ടെക്സ്റ്റയിൽസിന്റെ ഭൂമി ഏറ്റെടുക്കുന്നതിനുള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ എസ്റ്റേറ്റുകൾ ആരംഭിക്കാൻ ഏറ്റവും അനുയോജ്യമായ കുന്നത്തറ ടെക്സ്റ്റയിൽസിന്റെ ഭൂമി സർക്കാർ ഏറ്റെടുക്കുന്നതിന് പ്രത്യേക പദ്ധതി തയ്യാറാക്കാൻ സന്നദ്ധമാകുമോ; വ്യക്തമാക്കുമോ; | (എ) | അടച്ചു പൂട്ടിയ കുന്നത്തറ ടെക്സ്റ്റൈൽസ് ബഹു.ഹൈക്കോടതിയുടെ ഉത്തരവിനാൽ ലിക്വിഡേഷനിലാണ്. സ്ഥാപനത്തിന്റെ ആസ്തികൾ ഏറ്റെടുത്ത് വിൽക്കുന്നതിന് ബഹു. കോടതി ഒഫിഷ്യൽ ലിക്വിഡേറ്ററെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പൂട്ടിക്കിടക്കുന്ന കുന്നത്തറ ടെക്സ്റ്റൈൽസിന്റെ പുന:രുദ്ധാരണ പാക്കേജുമായി മുന്നോട്ടു പോകുന്നതിന് ബഹു.ഹൈക്കോടതി അനുമതിയോടെ, സംസ്ഥാന സർക്കാർ ശ്രമിക്കുകയാണ്.<br><br>അടച്ചുപൂട്ടിയ കുന്നത്തറ ടെക്സ്റ്റൈൽസിന്റെ ഭൂമി ഉപയോഗപ്പെടുത്തി ഒരു ബദൽ പദ്ധതി രൂപീകരിക്കുന്നതിന് സർക്കാരിനു താല്പര്യമുള്ളതിനാൽ സ്ഥാപന വുമായി ബന്ധപ്പെട്ട ലിക്വിഡേഷൻ നടപടികൾ അവസാനിപ്പിക്കുന്നതിനു സ്വീകരിക്കേണ്ട മാർഗ്ഗങ്ങൾ അറിയിക്കണമെന്ന് അഡ്വക്കേറ്റ് ജനറലിനോട് സർക്കാർ അഭ്യർത്ഥിക്കുകയും അതനുസരിച്ച് വിശദമായ പദ്ധതി രേഖകൾ തയ്യാറാക്കി അറിയിക്കുവാൻ അഡ്വക്കേറ്റ് ജനറൽ സർക്കാരിനോട് നിർദ്ദേശിച്ചിരി ക്കുകയുമാണ്.<br><br>പ്രസ്തുത സാഹചര്യത്തിൽ അനുയോജ്യമായ പദ്ധതികൾ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിൽ യോഗം ചേരുകയും ബന്ധപ്പെട്ടവർക്ക് നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | നേരത്തെ വ്യവസായ സംരംഭം നിലനിന്നിരുന്ന കുന്നത്തറ ടെക്സ്റ്റയിൽസ് വക ഭൂമിയും മറ്റ് അനുബന്ധ വസ്തുക്കളും ചുരുങ്ങിയ വിലയ്ക്ക് ലേലം ചെയ്ത് പോവുന്നത് തടയുന്നതിനാവശ്യമായ നടപടി സ്വീകരിക്കാമോ? | (ബി) | അടച്ചു പൂട്ടിയ കുന്നത്തറ ടെക്സ്റ്റൈൽസ് ബഹു.ഹൈക്കോടതിയുടെ ഉത്തരവിനാൽ ലിക്വിഡേഷനിലാണ്. സ്ഥാപനത്തിന്റെ ആസ്തികൾ ഏറ്റെടുത്ത് വിൽക്കുന്നതിന് ബഹു. കോടതി ഒഫിഷ്യൽ ലിക്വിഡേറ്ററെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പൂട്ടിക്കിടക്കുന്ന കുന്നത്തറ ടെക്സ്റ്റൈൽസിന്റെ പുന:രുദ്ധാരണ പാക്കേജുമായി മുന്നോട്ടു പോകുന്നതിന് |

| | | | |
|---|---|---|---|
| | | | ബഹു.ഹൈക്കോടതി അനുമതിയോടെ, സംസ്ഥാന സർക്കാർ ശ്രമിക്കുകയാണ്.<br><br>അടച്ചുപൂട്ടിയ കുന്നത്തറ ടെക്സ്റ്റൈൽസിന്റെ ഭൂമി ഉപയോഗപ്പെടുത്തി ഒരു ബദൽ പദ്ധതി രൂപീകരിക്കുന്നതിന് സർക്കാരിനു താല്പര്യമുള്ളതിനാൽ സ്ഥാപന വുമായി ബന്ധപ്പെട്ട ലിക്വിഡേഷൻ നടപടികൾ അവസാനിപ്പിക്കുന്നതിനു സ്വീകരിക്കേണ്ട മാർഗ്ഗങ്ങൾ അറിയിക്കണമെന്ന് അഡ്വക്കേറ്റ് ജനറലിനോട് സർക്കാർ അഭ്യർത്ഥിക്കുകയും അതനുസരിച്ച് വിശദമായ പദ്ധതി രേഖകൾ തയ്യാറാക്കി അറിയിക്കുവാൻ അഡ്വക്കേറ്റ് ജനറൽ സർക്കാരിനോട് നിർദ്ദേശിച്ചിരി ക്കുകയുമാണ്.<br><br>പ്രസ്തുത സാഹചര്യത്തിൽ അനുയോജ്യമായ പദ്ധതികൾ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിൽ യോഗം ചേരുകയും ബന്ധപ്പെട്ടവർക്ക് നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ